മാർച്ച് 3, 2014

# ബീഹാറിന് പ്രത്യേക സംസ്ഥാന പദവി

**അരുൺ ജെയ്റ്റ്ലി,**
പ്രതിപക്ഷ നേതാവ്, രാജ്യസഭ

രാജ്യത്തെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അത്രയ്ക്ക് സാമ്പത്തികവളർച്ച കൈവരിക്കാൻ പല കിഴക്കൻ സംസ്ഥാനങ്ങൾക്കും കഴിഞ്ഞിട്ടില്ല. സ്വാഭാവികമായ പ്രതികൂല സാഹചര്യങ്ങളും ഈ സംസ്ഥാനങ്ങൾ നേരിടേണ്ടിവന്നു. ഈ സംസ്ഥാനങ്ങളുടെ വിഭവസമാഹരണം പോലും അപര്യാപ്തമായിരുന്നു. അതുകൊണ്ടുതന്നെ മെച്ചപ്പെട്ട കേന്ദ്ര വിഹിതവും ധനസഹായവും ഉറപ്പു വരുത്താൻ പ്രത്യേക വിഭാഗ പദവി ഈ സംസ്ഥാനങ്ങൾ കാംക്ഷിക്കുന്നത് സ്വാഭാവികം മാത്രം.

അത്തരത്തിൽ പ്രത്യേക വിഭാഗമെന്ന പദവി നേടിയെടുക്കാൻ ആഗ്രഹിക്കുന്ന ഒരു സംസ്ഥാനമാണ് ബീഹാർ. പഴയ ബീഹാർ സംസ്ഥാനത്തെ ബീഹാർ, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളായി വിഭജിച്ചപ്പോൾ സംസ്ഥാനത്തിന്റെ പ്രകൃതിദത്ത വിഭവങ്ങൾ ഝാർഖണ്ഡിന്റെ കൂടി ഭാഗമായി. ബീഹാറിലെ എൻ.ഡി.എ. സർക്കാർ സംസ്ഥാനത്തിന് പ്രത്യേക പദവി അനുവദിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടുവരികയാണ്. ബീഹാറിന് പ്രത്യേക പദവി നൽകുന്ന കാര്യം പരിഗണിക്കാൻ തയ്യാറാണെന്ന് പറഞ്ഞ് കഴിഞ്ഞ രണ്ടുവർഷമായി കോൺഗ്രസ് ജെ.ഡി. (യു)വിനെ വ്യാമോഹിപ്പിക്കുന്നു. സംസ്ഥാനത്തിന് പ്രത്യേക പദവി നൽകുന്ന കാര്യം അനുകൂലമായി പരിഗണിക്കുന്നതിനായി ഒരു സമിതിക്ക് രൂപംനൽകണമെന്ന് 2013-ലെ പൊതു ബജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി സൂചിപ്പിച്ചിരുന്നു. ഈ ഉറപ്പ് ബീഹാറിന്റെ സാമ്പത്തികാവശ്യങ്ങളിൽ അധിഷ്ഠിതമായിരുന്നിലുപരി ഒരു രാഷ്ട്രീയക്കളി ആയിരുന്നു. ബീഹാറിന് പ്രത്യേക പദവി ആസന്നമാണ് എന്ന തോന്നൽ ജെ.ഡി. (യു)വിനെ ജനിപ്പിക്കുക എന്നതായിരുന്നു യു.പി.എയുടെ ഉദ്ദേശ്യം. ജെ.ഡി.യുവിന്റെ കുശാഗ്രബുദ്ധിക്കാരായ നേതൃത്വം എങ്ങനെ ഈ ഉറപ്പ് വിശ്വസിച്ചു എന്നെനിക്കറിയില്ല. ജെ.ഡി.(യു) വും ബി.ജെ.പിയും തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെട്ട അതേ സമയത്തായിരുന്നു പ്രത്യേക പദവി വാഗ്ദാനം പൊന്തിവരുന്നത്. ജെ.ഡി. (യു) ഒറ്റയ്ക്ക് ഭരണം തുടർന്നപ്പോൾ പ്രത്യേക പദവിയെക്കുറിച്ച് പറഞ്ഞുകേട്ടില്ല. അതുപോലെ ആർ.ജെ.ഡി.യും ജെ.ഡി. (യു)വും തമ്മിലുള്ള സ്വയംവരത്തിൽ കോൺഗ്രസ് പാർട്ടി പഴയ സഖ്യകക്ഷിയായ ആർ.ജെ.ഡി.യെയാണ് വരിച്ചത്. ആർ.ജെ.ഡിയും കോൺഗ്രസും തമ്മിലുള്ള സീറ്റ് വിഭജനം ഏതാണ്ട് സ്തംഭിച്ച മട്ടിലാണെന്നാണ് പത്രവാർത്തകൾ. പ്രത്യേക പദവി ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനാടിസ്ഥാനത്തിൽ ജെ.ഡി. (യു) പ്രതിഷേധം നടത്തി. പ്രത്യേക പദവിക്കാര്യത്തിൽ തിരിച്ചും മറിച്ചും പറഞ്ഞുകൊണ്ടിരിക്കുന്ന കോൺഗ്രസുമായി തിരഞ്ഞെടുപ്പുസഖ്യം സ്ഥാപിക്കാൻ പോലും ജെ.ഡി. (യു) തയ്യാറാകും എന്നാണ് മാധ്യമങ്ങൾ സൂചിപ്പിക്കുന്നത്.